**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രകാരം സ്കൂൾ അടിസ്ഥാനത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങളെ സജ്ജമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 പ്രതിസന്ധികളുടെ പശ്ചാത്തല ത്തിൽ 2020 ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്നതിനാൽ പരമാവധി സാധ്യായ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അവധിദിനങ്ങൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൈറ്റ് വിക്ടേഴ്സ് മുഖേന 'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ആരംഭിച്ചത്. കോവിഡ് 19 മഹാമാരിയുടെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്റർനെറ്റ് അധിഷ്ഠിത ഓൺലൈൻ ക്ലാസുകൾ പ്രായോഗികമല്ലാതിരുന്ന പശ്ചാത്തലത്തിലാണ് കഴിഞ്ഞ വർഷം കൈറ്റ് വിക്ടേഴ്സിലൂടെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ വിജയകരമായി നൽകിയത്. ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. |
| (ബി) | വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കത്തിനും വിഷാദ മനോഭാവത്തിനും കാരണമാക്കിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ മാനസികവ്യഥ ലഘൂകരിക്കുന്നതിനായി സ്കൂളുകൾ മുഖേന പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (സി) | വിദ്യാർത്ഥികളുടെ മാനസികവ്യഥ പരിഹരിക്കുന്നതിന് സഹായകരമാംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം |

| | | | |
|---|---|---|---|
| | | | തന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾതന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് "ഉല്ലാസപറവകൾ" എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടു പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഊന്നൽ നൽകുന്നുണ്ട്. |
| (ഡി) | തൃപ്തികരമായ ഓൺലൈൻ പഠനത്തിലൂടെ പഠന നിലവാരം ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുന്നത് എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കും. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേത് ഉൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്റ്റിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കിയതുപോലെ ഓൺലൈൻ ക്ലാസുകളും എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ